

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

## ഇ - ന്യൂസ് ലെറ്റർ സെപ്റ്റംബർ 2017



## കോർപ്പറേഷൻ ബജറ്റ് 2017-2018

2017-2018-ലെ വാർഷിക ബജറ്റ് ഡപ്യൂട്ടി മേയർ ശ്രീമതി.മീര ദർശക് അവതരിപ്പിച്ചു. സുതാര്യമായ ഓഫീസ് സംവിധാനം, ഏലത്തൂർ ജെട്ടി ടൂറിസം പ്രൊജക്ട്, സ്ത്രികൾക്കായി ഷീ ലോഡ്ജ് പദ്ധതി, കാര്യക്ഷമമായ സ്ട്രീറ്റ് ലൈറ്റ് സംവിധാനം, മൃഗങ്ങൾക്ക് ശ്മശാനം, കിഡ്സൺ കോർണർ നവീകരണ പദ്ധതി, വരയ്ക്കലിൽ സ്ഥിരം എക്സിബിഷൻ കേന്ദ്രം തുടങ്ങിയ പദ്ധതികൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബജറ്റിൽ പ്രതിക്ഷിക്കുന്ന വരവ് കഴിഞ്ഞ സാമ്പത്തിക വർഷത്തെ ചെലവാക്കാത്ത 32.55 കോടി ഉൾപ്പെടെ 398 കോടിയും ചെലവ് 385.87 കോടിയുമാണ്.



## കേന്ദ്രപദ്ധതികളുടെ അവലോകനം

കേന്ദ്രാവിഷ്കൃതപദ്ധതികളായ സ്വച്ഛഭാരത്, സ്മാർട്ട് സിറ്റി മിഷൻ, അമൃത് മിഷൻതുടങ്ങിയപദ്ധതികളുടെഅവലേകനത്തിനായി കേന്ദ്ര സ്മാർട്ട് സിറ്റി മിഷൻ ഡയറക്ടർ ശ്രീ.സജീഷ് കുമാർ എം. കേരളത്തിലെത്തി. കോഴിക്കോട് കോർപ്പറേഷനിലെ പദ്ധതികളുടെ അവലോകനം കൗൺസിൽ ഹാളിൽ വച്ച് 22/4/2017 ന് രാവിലെ 10.30 മണിക്ക് നടത്തി. കോർപ്പറേഷൻ സെക്രട്ടറി മൃൺമയി ജോഷി, സ്വച്ഛഭാരത് ഉദ്യോഗസ്ഥർ,അമൃത് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

